(സി) അനാവശ്യ ഓപ്ഷനുകൾ നൽകി അവസാനഘട്ട അലോട്ട്മെന്റിൽ സർക്കാർ സീറ്റ് നഷ്ടപ്പെടുത്തുന്നവർക്കും സർക്കാർ ക്വാട്ടയിൽ പ്രവേശനം നേടി അവസാനഘട്ടത്തിൽ സീറ്റ് നഷ്ടപ്പെടുത്തി ഇതര സ്ഥാപനങ്ങളിൽ അഡ്മിഷൻ നേടിപ്പോയവർക്കെതിരെ ലിക്വിഡേറ്റഡ് ഡാമേജ് ചുമത്തുന്നതിന് വ്യവസ്ഥയുണ്ട്.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിട നവീകരണം

9(4611) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. സി. കെ. നാണു :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീമതി ജമീല പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കാലപ്പഴക്കം ചെന്ന കെട്ടിടങ്ങൾ നവീകരിക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പ് ഫണ്ട് അനുവദിക്കാറുണ്ടോ; ഉണ്ടെങ്കിൽ ആയതിന് എന്തു മാനദണ്ഡമാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ കോളേജുകളിൽ ആവശ്യമായ നവീകരണ പ്രവർത്തനങ്ങൾ നടക്കാത്തതുകൊണ്ട് ക്ലാസ്സ് സമയങ്ങളിൽ കോൺക്രീറ്റ് അടർന്നു വീഴുന്നതു പോലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികളുടെയും മറ്റ് നവീകരണ പ്രവൃത്തികളുടെയും അടിയന്തര പ്രാധാന്യം മുൻനിർത്തിയും ആയതിന്മേൽ പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കുന്ന എസ്റ്റിമേറ്റ് അംഗീകരിച്ചുമാണ് കാലപ്പഴക്കംചെന്ന കെട്ടിടങ്ങൾ യഥാസമയം നവീകരിക്കുന്നതിനുള്ള ഫണ്ട് അനുവദിച്ചുവരുന്നത്.

(ബി) നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

സ്വാശ്രയമേഖലയിലെ എഞ്ചിനീയറിംഗ് കോളേജുകൾ

10(4613) ശ്രീ. എം. എ. ബേബി :
ശ്രീ. എം. ഹംസ :
ശ്രീ. ടി. വി. രാജേഷ് :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാശ്രയമേഖലയിൽ തുടർന്നും എഞ്ചിനീയറിംഗ് കോളേജുകൾ അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇതേവരെ എത്ര കോളേജുകൾക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്വാശ്രയമേഖലയിൽ സംസ്ഥാനത്താകെ നിലവിൽ എത്ര എഞ്ചിനീയറിംഗ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്; ഇതിലെല്ലാം കൂടി എത്ര സീറ്റുകൾ ഉണ്ടെന്ന് അറിയിക്കാമോ;

(സി) ഈ അദ്ധ്യയനവർഷം ഈ മേഖലയിൽ എത്ര എഞ്ചിനീയറിംഗ് സീറ്റുകൾ പ്രവേശനം നേടാതെ ഒഴിഞ്ഞുകിടപ്പുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഡി) സ്വാശയ എഞ്ചിനീയറിംഗ് കോളേജുകളിൽ ബഹുഭൂരിഭാഗവും മതിയായ സൗകര്യങ്ങളില്ലാതെ സജ്ജീകരിക്കപ്പെട്ടവയായതിനാൽ പ്രവേശനത്തിന് കുട്ടികളെ ലഭിക്കാതെ വൻപ്രതിസന്ധിയിലാണെന്ന കാര്യം അറിവുള്ളതാണോ;

(ഇ) ചട്ടപ്രകാരമുള്ള അടിസ്ഥാനസൗകര്യങ്ങളുടെയും യോഗ്യതയുള്ള അദ്ധ്യാപകരുടെയും കുറവും ക്രമത്തിലുമധികം സ്ഥാപനങ്ങൾക്ക് അനുമതി നൽകിയതുമാണ് ഈ പ്രതിസന്ധിക്ക് കാരണമെന്ന് വിലയിരുത്തിയിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്ത് പുതിയ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കാൻ നിലവിൽ നിയന്ത്രണമൊന്നും ഏർപ്പെടുത്തിയിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളത്തിലെ വിവിധ സർവ്വകലാശാലകളുടെ കീഴിലായി 39 എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കാൻ അനുമതി നൽകിയിട്ടുണ്ട്.

(ബി) സ്വാശ്രയ മേഖലയിൽ സംസ്ഥാനത്താകെ 157 എഞ്ചിനീയറിംഗ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയിലെല്ലാംകൂടി ആകെ 58836 സീറ്റുകൾ നിലവിലുണ്ട്.

(സി) അലോട്ട്മെന്റിനുശേഷം (സ്പോട്ട് അഡ്മിഷനു മുമ്പ്) സ്വാശ്രയ മേഖലയിലെ എഞ്ചിനീയറിംഗ് കോളേജുകളിൽ 12177 സീർക്കാർ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നതായി പ്രവേശന പരീക്ഷാ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി&ഇ) അടിസ്ഥാന സൗകര്യങ്ങളുടെ കുറവുകാരണം സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനത്തിന് കുട്ടികളെ ലഭിക്കാതെ പ്രതിസന്ധിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ എം.ടെക് യോഗ്യതയുള്ള അദ്ധ്യാപകരുടെ കുറവ് അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം കോളേജുകൾക്ക് എം.ടെക് യോഗ്യതയുള്ള കൂടുതൽ അദ്ധ്യാപകരെ നിയമിക്കാൻ നിർദ്ദേശം നൽകുകയും സംസ്ഥാനത്ത്

LIBRARY ARCHIVES Kerala Legislative Assembly

എം.ടെക് യോഗ്യതയുള്ളവരുടെ കുറവ് പരിഹരിക്കുന്നതിനായി കൂടുതൽ എം.ടെക് കോഴ്സുകൾ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എഞ്ചിനീയറിംഗ് മേഖലയിൽ തൊഴിൽ സാദ്ധ്യത കുറഞ്ഞതിനാൽ എഞ്ചിനീയറിംഗ് പഠനത്തിൽ കൂടുതൽ വിദ്യാർത്ഥികൾ ആകൃഷ്ടരാകുന്നില്ല. ഇതിനുപുറമേ ഐ.ടി., ഇലക്ട്രോണിക്സ് എന്നീ ശാഖകളിൽ വിദ്യാർത്ഥികൾക്കുള്ള താല്പര്യം കുറഞ്ഞിട്ടുമുണ്ട്. ആകയാൽ സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്നു.

കടുത്തുരുത്തിയിൽ കേരളാ സിവിൽ സർവ്വീസ് അക്കാഡമിയുടെ സബ് സെന്റർ

11(4614) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയത്ത് കടുത്തുരുത്തിയിൽ കേരളാ സിവിൽ സർവ്വീസ് അക്കാഡമിയുടെ സബ് സെന്റർ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; സബ് സെന്റർ സ്ഥാപിക്കുന്നതിന് വേണ്ട മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(ബി) മദ്ധ്യ കേരളത്തിലെ ഗ്രാമീണ മേഖലയിൽനിന്നും വരുന്ന കുട്ടികൾക്ക് ഉപകാരപ്രദമായ രീതിയിൽ സബ് സെന്റർ സ്ഥാപിക്കുന്നതിന് എം.എൽ.എ. ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള പ്രത്യേക അനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) വെർച്വൽ ക്ലാസ്സ് റൂം തുടങ്ങുന്നതിന് വേണ്ട ചെലവ് വ്യക്തമാക്കാമോ; ഇതിനു വേണ്ട നടപടിക്രമങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് കോഴിക്കോട്, പാലക്കാട് ജില്ലകളിൽ കേരള സംസ്ഥാന സിവിൽ സർവ്വീസ് അക്കാദമിയുടെ ഉപകേന്ദ്രങ്ങൾ നിലവിലുണ്ട്. കൂടാതെ ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ, എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ എന്നീ സ്ഥലങ്ങളിൽ ഉപകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ പത്തനംതിട്ട ജില്ലയിലെ കോന്നിയിൽ ഉപകേന്ദ്രം ആരംഭിക്കുന്നതിനുള്ള ശിപാർശ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ പല ജില്ലകളിലും സിവിൽ സർവ്വീസ് അക്കാഡമിയുടെ ഉപകേന്ദ്രങ്ങൾ ആരംഭിക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ട്. എന്നാൽ പരിശീല ക്ലാസ്സുകൾ മികച്ച നിലവാരത്തോടുകൂടി കൈകാര്യം ചെയ്യുന്നതിന് പ്രാപ്തരും സിവിൽ

LIBRARY ARCHIVES Kerala Legislative Assembly